**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2329** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ വിശദാംശവും വ്യക്തമാക്കാമോ? | (എ) | 1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തിൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% ജനങ്ങളും റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാക്കുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഉപഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്യുന്നു.<br><br>1. വിശന്നിരിക്കുന്നവർക്ക് ഒരു നേരം ഭക്ഷണം എന്ന സർക്കാർ ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 03.06.2022 മുതൽ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു . നാളിതു വരെ 6,56,820/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.<br><br>2. അതിദരിദ്ര നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെട്ട റേഷൻകാർഡ് ഇല്ലാത്ത 33 പേർക്ക് ഈ മണ്ഡലത്തിൽ റേഷൻകാർഡ് നൽകിയിട്ടുണ്ട്<br><br>3. കടയിൽ നേരിട്ട് പോയി റേഷൻ വാങ്ങാൻ സാധിക്കാത്ത അവശജനവിഭാഗങ്ങൾക്ക് റേഷൻ അവരുടെ വീട്ടുകളിൽ എത്തിക്കുന്ന 'ഒപ്പം' പദ്ധതി 18.04.2023ന് നടപ്പാക്കി. നിലവിൽ 05 ഉപഭോക്താക്കളുണ്ട്.<br><br>4. ഓൺലൈൻ സേവനങ്ങൾ ലഭ്യമല്ലാത്ത ഉൾഗ്രാമങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട റേഷൻകടകൾ |

| | | | |
|---|---|---|---|
| | | | മുഖാന്തിരം ഓൺലൈൻ സേവനങ്ങളും സപ്ലൈകോ ശബരി ഉൽപ്പന്നങ്ങളും ചോട്ടു ഗ്യാസ്, മിൽമ ഉൽപ്പന്നങ്ങൾ, MSME ഉൽപ്പന്നങ്ങൾ എന്നിവയും ലഭ്യമാക്കുന്നതിനായി നിയോജക മണ്ഡലത്തിൽ 15 കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് .<br><br>5. അർഹരായ എല്ലാവർക്കും ഓൺലൈൻ മുഖാന്തിരം ലഭ്യമാകുന്ന അപേക്ഷകളും മാരക രോഗ ബാധിതരിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളും പരിശോധിച്ച് മുൻഗണനാ കാർഡുകൾ നൽകി വരുന്നു.<br><br>6. എല്ലാ എ.എ.വൈ / പി.എച്ച്.എച്ച് അംഗങ്ങളുടെയും റേഷൻ തടസ്സപ്പെടാതിരിക്കാൻ റേഷൻ മസ്റ്ററിങ് 98.31% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>7. നിയോജക മണ്ഡലത്തിലെ എല്ലാ റേഷൻകടകളിലും സമ്പുഷ്ടീകരിച്ച അരിവിതരണം ആരംഭിക്കുകയും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച വിശദവും വിപുലവുമായ ക്ലാസ്സുകൾ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.<br><br>8. അതിഥി തൊഴിലാളികൾക്ക് റേഷൻകടകളിലൂടെ 5 കി.ഗ്രാം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റേഷൻ റൈറ്റ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്<br><br>9. ഉപഭോക്തൃ ബോധവൽക്കരണത്തിനായി സ്കൂൾ തലത്തിൽ കൺസ്യൂമർ ക്ലബ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ